ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തൈക്കാട്, തിരുവനന്തപുരം-14

ഇ-മെയിൽ : director.ims@kerala.gov.in ഫോൺ നം. 0471-2323960
വെബ്സൈറ്റ്: www.ims.kerala.gov.in

---

**ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്**
**തിരുവനന്തപുരം-14**

വിഷയം:- ഇ.മെ.സ.വകുപ്പ്-ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർക്ക് എതിരായ അച്ചടക്ക നടപടി - സർവ്വീസിൽ നിന്ന് നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സ.ഉ (സാധാ) നം-183/2020/തൊഴിലും നൈപുണ്യവും വകുപ്പ് തീയതി : 12.02.2020
2. ഫയൽ നമ്പർ ഇ 1-14047/2020
3. മെമ്മോ നമ്പർ ഇ 1-14047/2020/ഡി.ഐ.എം.എസ് തീയതി : 22.09.2020
4. ഒളരിക്കര ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ടിന്റെ 15.12.2020-ലെ ഇ 1-1682/2019 നമ്പർ കത്ത്.
5. 19.04.2021-ലെ ഇതേ നമ്പർ കുറ്റപത്രം
6. 26.10.2021, 21.03.2022 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.
7. 24.06.2022-ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
8. ഒളരിക്കര ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിന്റെ 31.08.2022-ലെ ഇ 1-1682/2019 നമ്പർ കത്ത്.

.......

**ഉത്തരവ് നമ്പർ- ഡി3-18205/2020/ഡി.ഐ.എം.എസ് തീയതി: 28.11.2022**

ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസറായി ജോലി ചെയ്തു വരവെ ഡോ.ജോർജ്ജ് മൈക്കിൾ 11.06.2019 മുതൽ 10.06.2020 വരെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ സീനിയർ റസിഡൻസി ചെയ്യുന്നതിനായി ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ടി അവധി കാലാവധി കഴിഞ്ഞിട്ടും തിരികെ ജോലിയിൽ പ്രവേശിക്കാതിരിക്കുകയും ചെയ്തു. തുടർന്ന് ജോലിയിൽ പുനഃപ്രവേശിക്കുവാൻ വകുപ്പ് മേധാവി ടി ജീവനക്കാരന് മേൽ സൂചന (3) പ്രകാരം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ടി നിർദ്ദേശം പാലിക്കാതിരിക്കുകയും ജോലിയിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് മതിയായ കാരണമായിരിക്കെയാണ് ഡോ.ജോർജ്ജ് മൈക്കിൾ ജോലിക്ക് ഹാജരാകാതിരിക്കുകയുണ്ടായത്. വകുപ്പദ്ധ്യക്ഷയുടെ നിർദ്ദേശവും നിലവിലുള്ള സർക്കാർ ഉത്തരവുകളും സർവ്വീസ് ചട്ടങ്ങളും അവഗണിച്ചുകൊണ്ട് ഡോ.ജോർജ്ജ് മൈക്കിൾ അച്ചടക്കരാഹിത്യവും കൃത്യവിലോപവും തുടർന്നു വന്ന സാഹചര്യത്തിൽ ടി ജീവനക്കാരനെതിരെ അച്ചടക്കനടപടികൾ ആരംഭിക്കുകയും മേൽ സൂചന (5) പ്രകാരം

കുറ്റപത്രം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി കുറ്റപത്രം ടി ഡോ.ജോർജ്ജ് മൈക്കിൾ കൈപ്പറ്റുകയുണ്ടായില്ല. ടി തപാൽ unclaimed എന്ന് രേഖപ്പെടുത്തി മടങ്ങിവരികയാണ് ഉണ്ടായത്. ഇതിനെ തുടർന്ന് മേൽ സൂചന (6) പ്രകാരം ടി കുറ്റപത്രം പത്രങ്ങളിൽ പ്രസിദ്ധീകരണത്തിന് നൽകിയിരുന്നു. എന്നിട്ടും ടി ഡോ.ജോർജ്ജ് മൈക്കിൾ പ്രതികരിക്കുകയുണ്ടായില്ല. ടി സാഹചര്യത്തിൽ തൃശ്ശൂർ ഒളരിക്കര ഇ.എസ്,ഐ ആശുപത്രിയിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ആയിരുന്ന ഡോ.ജോർജ്ജ് മൈക്കിളിനെ അച്ചടക്കനടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും മേൽ സൂചന (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടി നോട്ടീസിൽ വകുപ്പിന്റെ പ്രസ്തുത തീരുമാനം നടപ്പിലാക്കാതിരിക്കുവാൻ എന്തെങ്കിലും ബോധിപ്പിക്കാനുള്ള പക്ഷം ആയത് 15 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം മേൽ തീരുമാനത്തിനെതിരെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ മറ്റൊരറിയിപ്പ് കൂടാതെ പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്തുന്നതാണ് എന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ ടി കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റാതെ തിരികെ ലഭിക്കുകയാണുണ്ടായതെന്ന് മേൽ സൂചന (8) പ്രകാരം ഒളരിക്കര ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് അറിയിക്കുകയുണ്ടായി.

ആയതിനാൽ തൃശ്ശൂർ ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ സേവനത്തിലിരിക്കേ 16.09.2019 മുതൽ 10.06.2020 വരെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ സീനിയർ റസിഡൻസി ചെയ്യുന്നതിനായി ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ലീവ് കാലാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാതിരിക്കുകയും ചെയ്ത ഡോ.ജോർജ്ജ് മൈക്കിളിനെ KCS (CC&A) Rules 1960-ലെ Rule 11 (vii) പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

**ഡോ. മാലിനി.എസ്**
**ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ.ജോർജ്ജ് മൈക്കിൾ
ഒളരിക്കര ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ട് മുഖേന

പകർപ്പ്:-

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, മദ്ധ്യ മേഖല, എറണാകുളം.
2. സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, ഒളരിക്കര
3. ഇ 1/ഇ 3 സെക്ഷൻ
4. ഫയൽ/സ്റ്റോക്ക് ഫയൽ